**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2899** **13-12-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കഴിഞ്ഞ 6 വർഷത്തെ ഭൂമി രജിസ്ട്രേഷൻ എത്രയെന്ന് അറിയിക്കാമോ; ഓരോ വർഷത്തെയും കണക്ക് പ്രത്യേകം ലഭ്യമാക്കാമോ; | (എ) | see table (എ) below |
| (ബി) | രജിസ്ട്രേഷൻ നടത്തിയ വകയിൽ കഴിഞ്ഞ 6 വർഷം സർക്കാരിന് ലഭിച്ച വരുമാനം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | see table (ബി) below |
| (സി) | ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (സി) | താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. ആധാരത്തിലെ കക്ഷികളെ തിരിച്ചറിയുന്നതിനും ആൾ മാറാട്ടം തടയുന്നതിനുമായി ആധാരത്തിൽ കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും പതിക്കുന്നതിനും, രജിസ്ട്രേഷൻ സമയത്ത് ഫോട്ടോപതിച്ച തിരിച്ചറിയൽ കാർഡ് പരിശോധനയ്ക്കായി ഹാജരാക്കുന്നതിനും നിയമഭേദഗതി. |

(എ)

| സാമ്പത്തിക വർഷം | ആധാരങ്ങളുടെ എണ്ണം |
|---|---|
| 2016-17 | 8,70,487 |
| 2017-18 | 8,98,599 |
| 2018-19 | 8,78,270 |
| 2019-20 | 8,31,331 |
| 2020-21 | 7,62,681 |
| 2021-22 | 9,26,487 |

(ബി)

| സാമ്പത്തിക വർഷം | ആധാരങ്ങളുടെ എണ്ണം | മൊത്ത വരുമാനം (പ്രധാനമായും മുദ്രവില, രജിസ്ട്രേഷൻ ഫീസ്) (കോടി) |
|---|---|---|
| 2016-17 | 8,70,487 | 2653.71 |
| 2017-18 | 8,98,599 | 3159.89 |
| 2018-19 | 8,78,270 | 3316.08 |
| 2019-20 | 8,31,331 | 3229.29 |
| 2020-21 | 7,62,681 | 3130.32 |
| 2021-22 | 9,26,487 | 4431.89 |

| | | | |
|---|---|---|---|
| | | | 2. ആൾമാറാട്ടം നടത്തി ആധാരം രജിസ്റ്റർ ചെയ്തു പോയാൽ പ്രസ്തുത ആധാരം റദ്ദ് ചെയ്യുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ അധികാരപ്പെടുത്തുന്നതിന് രജിസ്ട്രേഷൻ ആക്റ്റിൽ 83A വകുപ്പ് കൂട്ടിച്ചേർത്ത് നിയമഭേദഗതി.<br><br>3. വിലയാധാരങ്ങൾ, ധനനിശ്ചയധാരങ്ങൾ എന്നിവ ഏകപക്ഷീയമായി റദ്ദ് ചെയ്യുന്നതിന് തടയിടാൻ ഇരുകക്ഷികളും ഒപ്പിടാത്ത റദ്ദാധാരങ്ങൾ രജിസ്ട്രേഷനായി സ്വീകരിക്കരുതെന്ന് രജിസ്ട്രേഷൻ ചട്ടങ്ങളിൽ 2021-ൽ ഭേദഗതി.<br><br>4. ആധാരകക്ഷികളുടെ അനന്യത ആധാർ അധിഷ്ഠിത ബയോമെട്രിക് വെരിഫിക്കേഷനിലൂടെ പരിശോധിക്കുന്നതിന് രജിസ്റ്ററിങ് ഓഫീസറെ അധികാരപ്പെടുത്തുന്നതിന് 2022-ൽ രജിസ്ട്രേഷൻ (കേരള) ചട്ടങ്ങളിൽ ഭേദഗതി.<br><br>5. ആധാര രജിസ്ട്രേഷൻ സമയത്ത് ആ വസ്തുവിവരം റവന്യൂ വകുപ്പിലെ തണ്ടപ്പേർ അക്കൗണ്ടുമായി പരിശോധിക്കുന്നതിന് വകുപ്പിന്റെ പേൾ സോഫ്റ്റ്‌വെയറിൽ നിലവിലുള്ള സംവിധാനം.<br><br>6. ഭൂമിയുടെ വിലയിൽ കൃത്രിമം കാണിച്ച് റവന്യൂ നഷ്ടം ഒഴിവാക്കാൻ ന്യായവില നടപ്പിൽ വരുത്തി.<br><br>7. കെട്ടിടങ്ങളുടെ വിലകുറച്ചു വയ്ക്കുന്നത് ഒഴിവാക്കുന്നതിന് ആധാരങ്ങളിൽ കെട്ടിടങ്ങളുടെ വില, കേന്ദ്രപൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരമുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, വിലവയ്ക്കണമെന്നു മുദ്രപ്പത്രനിയമത്തിൽ ഭേദഗതി വരുത്തി. |
| (ഡി) | ആധാരം രജിസ്ട്രേഷൻ ഓൺലൈൻ ആക്കിയതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ലഭിച്ചതെന്ന് അറിയിക്കാമോ? | (ഡി) | 1. ആധാരം രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ ആയി നടപ്പാക്കിയിട്ടില്ല. എന്നാൽ ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും, ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം. ആയതുമൂലം ഓഫീസുകളിലെ തിരക്ക് നിയന്ത്രിക്കാൻ സാധിച്ചു.<br>2. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.<br>3. ഓരോ ആധാരത്തിന്റെയും വിലയുടെ അടിസ്ഥാനത്തിൽ ഒടുക്കേണ്ട രജിസ്ട്രേഷൻ ഫീസ് കമ്പ്യൂട്ടർ മുഖാന്തിരം മനസ്സിലാക്കുന്നതിനും ആയത് ഇ-പേയ്മെന്റ് സൗകര്യം ഉപയോഗിച്ച് സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള സൗകര്യം.<br>4. സഹകരണ ബാങ്കുകളിൽ നിന്നുള്ള ലോണുകൾക്കായുള്ള ഗഹാൻ ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.<br>5. ആധാരം രജിസ്റ്റർ ചെയ്തതിന് ശേഷം പോക്കുവരവ് നടപടികൾക്കായി സ്കാൻ ചെയ്ത ആധാരം വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാകുന്നു.<br>6. രജിസ്ട്രേഷൻ പൂർത്തിയായ ആധാര വിവരങ്ങൾ വകുപ്പിന്റെ ഔദ്യോഗിക പോർട്ടലിലൂടെ പൊതു ജനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | കാണുന്നതിനുള്ള സൗകര്യം. |

സെക്ഷൻ ഓഫീസർ